**418**

സ്നേഹിച്ചിടും നിന്നെ ഞാൻ-ക്രിസ്തേശുവേ
സേവിച്ചിടും നിന്നെ ഞാൻ സേവിക്കും ഞാനെന്റെ ജീവകാലമെല്ലാം
ജീവൻ വെടിഞ്ഞെന്നെ-സ്നേഹിച്ച നാഥനെ

1 ഇന്നു മുതൽ ഞാനുമെൻ കുടുംബവും നിന്നെമാത്രം സേവിക്കും
നിന്നെ സേവിക്കുമ്പോൾ നേരിടും കഷ്ടങ്ങൾ
എന്നും ക്ഷമയോടെ എല്ലാ സഹിക്കും ഞാൻ-

2 ബന്ധുജനങ്ങളെന്നെ വെടിഞ്ഞാലും സന്തതം സേവിക്കും ഞാൻ
ബന്ധുവെപ്പോലെന്നെ-സന്ധാരണം ചെയ്യും
തന്തയാമേശുവേ സന്തോഷമോടെ ഞാൻ-

3 ലോകം ദ്വേഷിച്ചിടിലും ഒരു നാളും ശോകപ്പെടുകയില്ല
ലോകത്തിൽനിന്നെന്നെ നിത്യമുയർത്തി
സ്വർലോകത്തിൽ ചേർക്കും ശ്രീയേശുരക്ഷകനേ-

4 സർവ്വലോകങ്ങളെക്കാൾ വലിയവൻ ഉർവ്വിയിൽ നീയെനിക്കു
സർവ്വജനങ്ങളും-എന്നെ വെടിഞ്ഞാലും
സർവ്വദാ ഞാൻ നിന്നെ-സേവിച്ചിടും മുദാ-

5 വക്രതയുള്ളവരിൻ മദ്ധ്യേ ദിനം സൽക്രമമായ് ജീവിപ്പാൻ
ഈ കൃമിക്കേതും കഴിവില്ല ദേവ, നിൻ
ഉൽക്കൃഷ്ടമാം കൃപയേറെ നൽകിടേണം-

**K.V.C.**